# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2077 | 10.10.2011-ലെ മറുപടിക്ക് |
|---|---|

### പേരൂർക്കട ആശുപത്രിയുടെ ശോചനീയാവസ്ഥ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) തിരുവനന്തപുരത്തെ പേരൂർക്കട ആശുപത്രിയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇല്ല |
| ബി) അവിടുത്തെ ഓപ്പറേഷൻ തിയേറ്ററിലെ പോരായ്മകൾ നിമിത്തം രോഗികൾക്ക് അണുബാധയുണ്ടാവാൻ സാദ്ധ്യതയുണ്ടോ; | ബി) പേരൂർക്കട ജില്ലാ മോഡൽ ആശുപത്രിയിലെ നിലവിലുള്ള ഓപ്പറേഷൻ തിയേറ്റർ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഓപ്പറേഷൻ തിയേറ്ററിൽ അണുബാധയുണ്ടാകുന്നത് തടയുന്നതിനുള്ള പ്രവർത്തനങ്ങളെല്ലാം ചെയ്തു വരുന്നുണ്ട്. |
| സി) ഓപ്പറേഷൻ തിയേറ്റർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കുമോ; | സി) ജില്ലാ മാതൃകാശുപത്രിയായി ഉയർത്തിയ പേരൂർക്കട ഗവ: ആശുപത്രിയിലെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായും 10 കോടി രൂപയുടെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ പണി നടന്നു വരുന്നു. പ്രസ്തുത കെട്ടിടത്തിൽ ഒരു ഓപ്പറേഷൻ തിയേറ്ററും ഉൾപ്പെടുത്തിയിട്ടുണ്ട്. ഏകദേശം ഒരു വർഷത്തിനകം പ്രസ്തുത തിയേറ്ററിന്റെ ഉത്ഘാടനം നടത്താമെന്ന് പ്രതീക്ഷിക്കുന്നു. |
| ഡി) പ്രസ്തുത മോഡൽ ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) പേരൂർക്കട മോഡൽ ആശുപത്രിയെ 30.12.2008 -ലെ ജി.ഒ (എം.എസ്) 617/2008/ആകുവ നമ്പർ ഉത്തരവു പ്രകാരം ജില്ലാ മാതൃകാശുപത്രിയായി ഉയർത്തിയിട്ടുണ്ട്. ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ